(സി) പി.പി.എ.യിലെ നിർദ്ദിഷ്ടമായ പ്ലാന്റ് ലോഡ് ഫാക്ടറിനു വിധേയമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവനും വാങ്ങാമെന്ന് 1995-ലെ പവർ പർച്ചേസ് എഗ്രിമെന്റിൽ വ്യവസ്ഥയുണ്ട്.

(ഡി) വൈദ്യുതിയുടെ വില നിശ്ചയിക്കുന്നത് പദ്ധതി ചെലവ്, ഇന്ധന വില, പ്ലാന്റിന്റെ കാര്യക്ഷമത എന്നിവയെ ആശ്രയിച്ചാണ്. ഇന്ധന വില കൂടുതലായതാണ് താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വില കൂടുതലാകാൻ കാരണം.

(ഇ) 1.694 മില്യൻ യൂണിറ്റ് വൈദ്യുതി.

(എഫ്) 85 ശതമാനം പീക്ക്‌ലോഡ് സമയത്ത് ഉൽപ്പാദിപ്പിച്ചു.

79 (988) പവ്വർ പർച്ചേസ് എഗ്രിമെന്റ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യും എൻ.ടി.പി.സി.യും തമ്മിൽ കായംകുളം തെർമ്മൽ പവ്വർ പ്ലാന്റിലെ വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള പവ്വർ പർച്ചേസ് എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി പ്രസ്തുത പ്ലാന്റിൽ നിന്നും എടുക്കാൻ കെ.എസ്.ഇ.ബി. ബോർഡ് ബാദ്ധ്യസ്ഥരാണ് എന്നറിയിക്കുമോ;

(ബി) ഇത്രയും വൈദ്യുതി എടുക്കാത്ത പക്ഷം കെ.എസ്.ഇ.ബി., എടുക്കാനിരുന്ന ഓരോ യൂണിറ്റ് വൈദ്യുതിയും എന്തു തുക വീതം നൽകണം;

(സി) ഇത്തരത്തിൽ ഇതുവരെ വൈദ്യുതി എടുക്കാതിരിക്കുന്നതുമൂലം കെ.എസ്.ഇ.ബി., എൻ. ടി.പി.സി.ക്ക് ഒട്ടാകെ എന്തു തുക നൽകേണ്ടതുണ്ട്?

ഉത്തരം

(എ) പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി എടുക്കാമെന്ന് കരാറിൽ വ്യവസ്ഥയില്ല.

(ബി)&(സി)പ്രസക്തമല്ല.

80 (989) വൈദ്യുതി ഉൽപ്പാദന രംഗത്ത് സ്വയംപര്യാപ്തത

ശ്രീ. വെങ്ങാനൂർ പി.ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-ാം ആണ്ടോടെ വൈദ്യുതി ഉത്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഏതെങ്കിലും പുതിയ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly